# നീര സംസ്കരണ ഫാക്ടറിക്ക് നാളെ തറക്കല്ലിടും

കോഴിക്കോട് ● സംസ്ഥാന നാളികേര വികസന കോർപറേഷൻ എലത്തൂരിൽ നീര സംസ്കരണ ഫാക്ടറി ആരംഭിക്കുന്നു. പ്രതിദിനം 10,000 ലീറ്റർ നീര സംസ്കരിക്കാൻ ശേഷിയുള്ള ഫാക്ടറിക്ക് നാളെ രണ്ടിനു നാളികേര വികസന കോർപറേഷൻ ഓഫിസ് പരിസരത്തു മന്ത്രി കെ.പി. മോഹനൻ തറക്കല്ലിടും. ഫാക്ടറിയിൽനിന്ന് പ്രതിദിനം 6,000 ലീറ്റർ നീരയായും 2,000 ലീറ്റർ നാളികേര ഹണിയായും 2,000 ലീറ്റർ ബ്രൗൺ പഞ്ചസാരയായും വിപണിയിലെത്തിക്കും.